## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3915 20.07.2015-ൽ മറുപടി നൽകേണ്ടത്

ഉരുൾപൊട്ടലിൽ ഭൂമി നഷ്ടപ്പെട്ടവർക്ക് പകരം ഭൂമി

<u>ചോദ്യം</u>

ശ്രീമതി.ഇ.എസ്.ബിജിമോൾ

<u>മറുപടി</u>

ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | പീരുമേട് താലൂക്കിലെ പെരുവന്താനം വില്ലേജിലെ ചുഴിപ്പ് പ്രദേശത്ത് 04-08-1994 ൽ ഉണ്ടായ ഉരുൾപൊട്ടലിൽ ഭൂമി നഷ്ടപ്പെട്ട 23 കുടുംബങ്ങൾക്ക് ജി. ഒ. (ആർ. റ്റി.) 196/98/RD, 06-01-98 പ്രകാരം പകരം ഭൂമി നല്കുവാനുള്ള സർക്കാർ ഉത്തരവുപ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (എ)യും (ബി)യും (സി)യും (ഡി)യും പീരുമേട് താലൂക്കിൽ പെരുവന്താനം വില്ലേജിൽ ഉരുൾപ്പൊട്ടലിൽ ഭൂമി നഷ്ടപ്പെട്ട 23 കുടുംബങ്ങൾക്ക് നഷ്ടപ്പെട്ട ഭൂമിയ്ക്ക് പകരമായി വാഗമൺ വില്ലേജിൽ സർവ്വെ 731-ൽപ്പെട്ട സർക്കാർ ഭൂമിയിൽ ഒരേക്കർ വീതം നൽകുവാൻ സർക്കാർ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ഭൂമി അളന്ന് തിരിച്ച് ഓരോ പ്ലോട്ടിലെയും ഗുണഭോക്താക്കളെ നറുക്കിട്ട് നിശ്ചയിച്ചിട്ടുള്ളതായി ഇടുക്കി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത ഭൂമി വനംവകുപ്പിന്റെ അധീനതയിലുള്ള സ്ഥലമാണെന്നും പ്ലോട്ടുകളായി വിതരണം ചെയ്യുന്ന നടപടി നിർത്തി വയ്ക്കണമെന്നും എരുമേലി ഫോറസ്റ്റ് റേഞ്ച് ഓഫീസർ അറിയിച്ചതിനെതുടർന്ന് ഭൂമി നൽകുന്ന നടപടി നിർത്തിവച്ചിട്ടുള്ളതാണെന്നും വാഗമൺ വില്ലേജിൽ സർവ്വെ 731-ൽപ്പെട്ടതും 23 പേർക്ക് വിതരണം ചെയ്യുവാൻ നിർദ്ദേശിച്ചിരിക്കുന്നതുമായ സ്ഥലം ഇപ്പോൾ വനംവകുപ്പിന്റെ കൈവശമായതിനാൽ പ്രസ്തുത സ്ഥലം ഇപ്പോൾ വിതരണം ചെയ്യുവാൻ സാധിക്കുകയില്ല എന്നും, ഭൂമി വനം വകുപ്പിൽ നിന്നും തിരികെ ലഭിച്ചാൽ മാത്രമേ ടി 23 കുടുംബങ്ങൾക്ക് നൽകുവാൻ സാധിക്കുകയുള്ളൂ എന്നും ഇടുക്കി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | ആയതുപ്രകാരം എത്ര കുടുംബങ്ങൾക്ക് പകരം ഭൂമി നല്കി ; | |
| (സി) | ഭൂമി നഷ്ടപ്പെട്ടവർക്ക് പകരം ഭൂമി എത്ര സമയത്തിനുള്ളിൽ നല്കുവാൻ കഴിയും ; | |
| (ഡി) | ഉത്തരവ് പ്രകാരം ഭൂമി നല്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ ? | |

സെക്ഷൻ ഓഫീസർ